6437
8/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വയനാട്ടിലെ ആദിവാസി പെൺകുട്ടികളുടെ ശാക്തീകരണത്തിനായുള്ള 'മൊട്ടത്തിക്കൂട്ടം' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 304/2015/സാനീവ | തീയതി, തിരുവനന്തപുരം 02.06.2015

---

പരാമർശം : 1) സാമൂഹ്യനീതി ഡയറക്ടറുടെ 20.04.2015 ലെ ജി3/12453/15 നമ്പർ കത്ത്.
2) 16.05.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

വയനാട്ടിൽ പെൺകുട്ടികൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ, ആദിവാസി പെൺകുട്ടികളുടെ ശാക്തീകരണത്തിനായി കേരള മഹിളാ സമഖ്യാ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'മൊട്ടത്തിക്കൂട്ടം' എന്നൊരു പരിപാടിയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശം(1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആദിവാസി കൗമാരസഭകൾ രൂപീകരിക്കുക, ആദിവാസി പെൺകുട്ടികൾക്ക് വിദ്യാഭ്യാസം, നിയമം, കൗമാര വളർച്ച, ലൈംഗിക വിദ്യാഭ്യാസം, കുടുംബം, പഞ്ചായത്തീരാജ് തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനം നൽകുക, പഞ്ചായത്ത് തലത്തിൽ സംഘങ്ങളുടെ കൂട്ടായ്മകൾ ഉണ്ടാക്കുക, ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുക, ലഹരി നിയന്ത്രണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയൊക്കെയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. രണ്ട് വർഷം കാലാവധി നിശ്ചയിച്ച് തയ്യാറാക്കിയ പദ്ധതിയുടെ ബഡ്ജറ്റ് 63,30,100/- രൂപയാണെന്നും ആയത് വനിതാ വികസന പരിപാടിയുടെ 2235-02-103-92 ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 460 ലക്ഷം രൂപയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 16.05.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട്ടിലെ ആദിവാസി പെൺകുട്ടികളുടെ ശാക്തീകരണത്തിനായി കേരള മഹിളാ സമഖ്യാ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 'മൊട്ടത്തിക്കൂട്ടം' എന്ന പദ്ധതി നടത്തുന്നതിനായി ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 63,30,100/- രൂപ (അറുപത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി ഒരുനൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ വനിതാ വികസന പരിപാടിയുടെ 2235-02-103-92 ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു. ആറ് മാസം കഴിയുമ്പോൾ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ